**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.244      25.04.2017 ൽ മറുപടി നൽകേണ്ടിയിരുന്നത്

## റാന്നി താലൂക്കാശുപത്രിയുടെ പുതിയ ഒ.പി. ബ്ലോക്ക്

| | ചോദ്യം<br>ശ്രീ.രാജു എബ്രഹാം | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | റാന്നി താലൂക്കാശുപത്രിയുടെ പുതിയ ഒ.പി. ബ്ലോക്ക് എന്നു തുറന്ന് പ്രവർത്തിക്കാനാകും എന്ന് പറയാമോ; എന്തൊക്കെ സൗകര്യങ്ങളാണ് ഇവിടെ ഒരുക്കിയിരിക്കുന്നത്; നിർമ്മാണചെലവ് എത്രയാണ്; നിർമ്മാണം ആരംഭിച്ചത് എന്നാണെന്ന് വ്യക്തമാക്കുമോ: | (എ) | റാന്നി താലൂക്കാശുപത്രിയുടെ പുതിയ ഒ.പി. ബ്ലോക്ക് 2017 മെയ് 30 ഓടുകൂടി പ്രവർത്തിക്കും വിധം പണികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. പ്രസ്തുത ഒ.പി.ബ്ലോക്കിലെ സിവിൽ പ്രവൃത്തികൾ പൂർണ്ണമായും തീർന്നിട്ടുണ്ട്. പുതിയ ബ്ലോക്കിൽ കാഷ്വാലിറ്റി, ഡയാലിസിസ് യൂണിറ്റ്, ലാബ്, ഓപ്പറേഷൻ തീയേറ്റർ എന്നീ സൗകര്യങ്ങൾ ക്രമീകരിക്കും.<br>പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണ ചെലവ് 485 ലക്ഷം രൂപയാണ്.<br>17.05.2011 ലാണ് ടി നിർമ്മാണം ആരംഭിച്ചത്. |
| (ബി) | പുതിയ ഒ.പി. ബ്ലോക്ക് തുറന്നു പ്രവർത്തിക്കാൻ എന്തെങ്കിലും തടസ്സം നേരിട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത്; ഇതിന് എന്തു പരിഹാരം കണ്ടു എന്ന് വിശദമാക്കുമോ ? | (ബി) | ലിഫ്റ്റിന്റെയും ഫയർ ഫയറ്റിന്റെയും ട്രാൻസ്ഫോർമറിന്റെയും പണികൾ പൂർത്തീകരിക്കേണ്ടതുണ്ട്. ഇതിനായി ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്, ഫയർ ആന്റ് റെസ്ക്യൂ, കെ.എസ്.ഇ.ബി എന്നീ സ്ഥാപനങ്ങളിൽ നിന്ന് എൻ.ഒ.സി ലഭിക്കേണ്ടതായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ